**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5631** **08-07-2024 - ൽ മറുപടിയ്ക്ക്**

**പോലീസ് സ്റ്റേഷനുകളിൽ മാന്യമായ പെരുമാറ്റം ഉറപ്പാക്കാൻ സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ മാന്യമായ പെരുമാറ്റം ഉറപ്പാക്കാനായി ആഭ്യന്തരവകുപ്പ് സ്വീകരിച്ചു വരുന്നതും പുതുതായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടിയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | പോലീസ് പൊതുജനങ്ങളുമായി ബന്ധപ്പെടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഉൾപ്പെടുത്തി സംസ്ഥാന പോലീസ് മേധാവി സർക്കുലറുകളും എക്സിക്യൂട്ടീവ് ഡയറക്റ്റീവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും റിസപ്ഷൻ ആരംഭിച്ചിട്ടുള്ളതും പോലീസ്-പൊതുജന ബന്ധം മെച്ചപ്പെടുത്തുന്നതിനായി പി.ആർ.ഒ. സിസ്റ്റം ആരംഭിച്ചിട്ടുള്ളതുമാണ്.<br>സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും സ്റ്റേഷൻ ഹൗസ് ഓഫീസർ മാരുടെ മുറികൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളതും ആയത് ജില്ലാ പോലീസ് മേധാവി ഉൾപ്പെടെയുള്ള മേലുദ്യോഗസ്ഥർ നിരീക്ഷിച്ചു വരുന്നതുമാണ്.<br>പോലീസ് സ്റ്റേഷനുകളിൽ ലഭിക്കുന്ന പരാതികളിൽ രസീത് നൽകി വരുന്നതും സ്ത്രീകളെയും കുട്ടികളേയും യാതൊരു കാരണവശാലും പോലീസ് സ്റ്റേഷനുകളിലേയ്ക്ക് വിളിച്ച് വരുത്തരുതെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. വനിത ഹെൽപ്പ് ഡെസ്ക്ക് ട്രാൻസ്ജെൻഡർ ഹെൽപ്പ് ഡെസ്ക്ക് തുടങ്ങിയവ പോലീസ് സ്റ്റേഷനുകളിൽ പ്രവർത്തിച്ചു വരുന്നു.<br>വിവിധ ആവശ്യങ്ങൾക്കായി പോലീസ് സ്റ്റേഷനുകളിൽ എത്തുന്ന പൊതു ജനങ്ങളോട് മാന്യമല്ലാത്ത രീതിയിൽ ഇടപെടലുകൾ ഉണ്ടാകുന്ന പക്ഷം വകുപ്പ തലത്തിൽ കർശന അച്ചടക്ക നടപടികളും ആവശ്യമെന്ന് കാണുന്ന പക്ഷം നിയമ നടപടികളും സ്വീകരിച്ചു വരുന്നതാണ്. |

| | | | |
|---|---|---|---|
| | | | |
| (ബി) | ഇത്തരത്തിൽ മാന്യമല്ലാത്ത പെരുമാറ്റം സംബന്ധിച്ച് കഴിഞ്ഞ 5 വർഷ കാലയളവിൽ എത്ര പരാതികൾ ലഭ്യമായി എന്നും എന്ത് നടപടികൾ കൈകൊണ്ടുവെന്നും വ്യക്തമാക്കുമോ? | (ബി) | കഴിഞ്ഞ 5 വർഷക്കാലത്ത് സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ മാന്യതയില്ലാത്ത പെരുമാറ്റം ആരോപിച്ച് കൊണ്ട് 1052 പരാതികൾ ലഭിച്ചിട്ടുണ്ട്. പരാതികൾ സംബന്ധിച്ച് അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ